"ഭരണഭാഷ-മാതൃഭാഷ"

No.-DWCD/6132/2023-ICDSB6

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 27-11-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**സർക്കുലർ**

വിഷയം:- വനിത ശിശുവികസന വകുപ്പ്-ഭൂമി ദാന ആശ്രിത നിയമനം -സ്പഷ്ടീകരണം നൽകുന്നത്-സംബന്ധിച്ച്:-

സൂചന:-
1. സ.ഉ (എം.എസ്) 85/2013/ സാ നീവ. തീയതി 19-10-2013 ഉത്തരവ്
2. ചടയമംഗലം അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ 17-10-2023 ലെ കത്ത്
3. ഒറ്റപ്പാലം അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ 31-10-23 ലെ ICDS/OTP ADL/140/2021 നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഭൂമിദാന ആശ്രിത നിയമനം സംബന്ധിച്ച വ്യവസ്ഥകളിൽ, ഭൂമി വിട്ടുകൊടുത്തവരുടെ ആശ്രിതർക്കുള്ള നിയമനത്തിന് സീനിയോറിറ്റി തയ്യാറാക്കേണ്ടത്, വസ്തു വിട്ടുകൊടുക്കപ്പെട്ട തീയതി അടിസ്ഥാനമാക്കിയാണോ, അതോ എല്ലാ രേഖകളും അടക്കം അപേക്ഷ നൽകിയ തീയതിയെ അടിസ്ഥാനമാക്കിയാണോ എന്ന് സ്പഷ്ടീകരണം ആവശ്യപെട്ട് സൂചന (2), (3) പ്രകാരം കത്ത് ലഭിച്ചിട്ടുണ്ട് .

ഓരോ പ്രൊജക്റ്റിലും നിലവിൽ വരുന്ന വർക്കർ/ഹെൽപ്പർമാരുടെ ഒഴിവിന്റെ 10% ഭൂമി ദാന ആശ്രിത നിയമനം പദ്ധതി പ്രകാരം, **വസ്തു ലഭ്യമാക്കിയതിന്റെ സീനിയോറിറ്റി ക്രമത്തിൽ** , നിയമനം നൽകുന്നതിന് സംവരണം ഏർപ്പെടുത്തിയാണ് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളത്. ഭൂമിദാന ആശ്രിത നിയമനത്തിന് സ്ഥലം രജിസ്ട്രേഷൻ ചെയ്ത തീയതി / ദാനാധാരം ചെയ്ത തീയതി / റിലിങ്കിഷ്മെന്റ് ഫോമിലെ തീയതി എന്നിവയുടെ അടിസ്ഥാനത്തിൽ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി സീനിയോരിറ്റി ക്രമം നിശ്ചയിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

വനിത ശിശു വികസന ഡയറക്ടർ

**എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും**
**എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും**
**എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും**
**വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്**